**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **11-10-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ നിരവധി ഒഴിവുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് അറിയിക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലിലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. ചൂണ്ടൽ, കണ്ടാണശ്ശേരി,മുല്ലശ്ശേരി, മണലൂർ ഗ്രാമപഞ്ചായത്തുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനം നൽകുന്നതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്.വാടാനപള്ളി,മണലൂർ ഗ്രാമ പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ പാർട്ട്ടൈം തസ്തികയിലെ ജീവനക്കാർക്ക് സ്ഥാനകയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചു വരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**നിയമസഭാ ചോദ്യം 2270 ( ബി ) പിരിവ്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഒഴിവുള്ള തസ്തികയും എണ്ണവും |
|---|---|---|
| 1 | ഗുരുവായൂർ മുൻസിപ്പാലിറ്റി | ഓവർസിയർ രണ്ടാതരം– 1<br>ഓവർസിയർ മൂന്നാം തരം– 1<br>എൽ.ഡി.സി/ ബിൽ കളക്ടർ- 1<br>ഓഫീസ് അറ്റൻഡന്റ് - 1<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഒന്നാം ഗ്രേഡ് - 1<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രണ്ടാം ഗ്രേഡ്- 1<br>ആയ - 1 |
| 2 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 |
| 3 | എളവള്ളി ഗ്രാമപഞ്ചായത്ത് | ഓവർസിയർ മൂന്നാം തരം– 1 |
| 4 | പാവറട്ടി ഗ്രാമപഞ്ചായത്ത് | ഓവർസിയർ രണ്ടാതരം – 1 |
| 5 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് | ഓവർസിയർ മൂന്നാം തരം– 1<br>ഓഫീസ് അറ്റൻഡന്റ് - 1<br>ക്ലാർക്ക് - 1 |
| 6 | ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | ഓഫീസ് അറ്റൻഡന്റ് - 1 |
| 7 | മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് | പാർട്ട് ടൈം സ്വീപ്പർ - 1<br>ഓഫീസ് അറ്റൻഡന്റ് - 1 |
| 8 | വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത് | ഫുൾടൈം സ്വീപ്പർ – 2 |
| 9 | മണലൂർ ഗ്രാമ പഞ്ചായത്ത് | ഫുൾടൈം സ്വീപ്പർ – 1<br>ഓഫീസ് അറ്റൻഡന്റ് - 1 |